# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5160        28.10.2016 ൽ മറുപടിയ്ക്ക്**

**സ്വകാര്യ ബസുകൾക്ക് സർവ്വീസ്**

| ചോദ്യം<br>ശ്രീ.എസ്.ശർമ്മ | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കൊച്ചി നഗരത്തിലെ ബി.ടി.എച്ച്.ജങ്ങ്ഷൻ വരെയുള്ള റോഡുകൾ ( 3 കി.മീ ) (മേനക, ഷൺമുഖം റോഡ്, ജെട്ടി, ഹോസ്പിറ്റൽ റോഡ്, ജോസ് ജങ്ഷൻ) വഴി സ്വകാര്യ ബസുകൾക്ക് സർവ്വീസ് നടത്തുന്നതിനുള്ള അനുമതി സംബന്ധിച്ച് നിലവിലുള്ള സർക്കാർ ഉത്തരവ്, ഹൈക്കോടതി, സുപ്രീംകോടതി ഉത്തരവുകളുടെ പകർപ്പുകൾ എന്നിവ ലഭ്യമാക്കുമോ? | (എ) | 14.07.2009-ലെ സ.ഉ.(പി) നം.42/2009/ഗതാ. നമ്പർ സർക്കാർ ഉത്തരവിലെ അനുബന്ധത്തിലെ സീരിയൽ നം.6- തിരുവനന്തപുരം-പാലക്കാട് ; സീരിയൽ നം.7- തിരുവനന്തപുരം-കണ്ണൂർ ; സീരിയൽ നം.14-എറണാകുളം-തേക്കടി ; സീരിയൽ നം.18- എറണാകുളം-തൃശ്ശൂർ ; സീരിയൽ നം.19- എറണാകുളം-പാലക്കാട് ; സീരിയൽ നം.20- എറണാകുളം-ഗുരുവായൂർ ; സീരിയൽ നം.21- എറണാകുളം-പയ്യന്നൂർ എന്നിവ കൊച്ചി നഗരത്തിലൂടെ കടന്നു പോകുന്ന, കൊച്ചി നഗരത്തിലെ ബി.ടി.എച്ച് ജംഗ്ഷൻ വരെയുള്ള റോഡുകൾ (3 കി.മീ) (മേനക, ഷൺമുഖം റോഡ്, ജെട്ടി, ഹോസ്പിറ്റൽ റോഡ്, ജോസ് ജംഗ്ഷൻ ) ഉൾപ്പെടുന്ന വിവിധ ദേശസാൽകൃത റൂട്ടുകളാണ്. ടി സർക്കാർ ഉത്തരവ് ലംഘിച്ച് ഈ റൂട്ടുകളിൽ പെർമിറ്റ് അനുവദിക്കാവുന്നതല്ല. വിവിധ കേസുകളിലായി ബഹു.ഹൈക്കോടതിയും ബഹു.സുപ്രീം കോടതിയും ഈ ഭാഗങ്ങൾ ഉൾപ്പെടുന്ന റൂട്ടുകളിൽ പെർമിറ്റ് അനുവദിക്കരുതെന്ന് വിധിന്യായം പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ചോദ്യത്തിൽ സൂചിപ്പിച്ച റോഡുകൾ മാത്രം പരാമർശിച്ച കോടതി ഉത്തരവുകൾ നിലവിലില്ല. 14.07.2009-ലെ സ.ഉ.(പി)നം.42/2009/ഗതാ. നമ്പർ സർക്കാർ ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |

**സെക്ഷൻ ഓഫീസർ**